(ബി) 19776.39 ലക്ഷം.

(സി) & (ഡി) ഇല്ല.

(ഇ) അനുവദിക്കാതിരുന്നിട്ടില്ല.

ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ എടുത്ത തുക തിരികെ നൽകാൻ നടപടി

7 [3869] *ശ്രീ. എ. എ. അസീസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വരെ കള്ള് ചെത്ത്, ചുമട്, മോട്ടോർ, കെട്ടിട നിർമ്മാണം എന്നീ ക്ഷേമനിധി ബോർഡുകളിൽ നിന്നായി 138 കോടി രൂപ സർക്കാർ വായ്പയെടുത്തിട്ടുള്ളതിൽ ഇതിനകം എത്ര രൂപ തിരിച്ച് അതാതു ബോർഡുകൾക്ക് നല്കിയിട്ടുണ്ട്;

(ബി) വീണ്ടും വായ്പയെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എത്ര തുക;

(ഡി) ഏതെല്ലാം ബോർഡുകളിൽ നിന്നെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളിൽ നിന്ന് സർക്കാർ വായ്പ എടുത്തിട്ടില്ല. ക്ഷേമനിധി ബോർഡുകൾക്ക് ട്രഷറിയിൽ നിക്ഷേപത്തിനുള്ള അവസരം നൽകിയിരുന്നു. ഇപ്രകാരം നിക്ഷേപിച്ചിരുന്ന മുഴുവൻ തുകയും പിൻവലിക്കാനും അനുവദിച്ചിരുന്നു.

(ബി) ഇല്ല.

(സി) & (ഡി) ഉദിക്കുന്നില്ല.

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസത്തിനായി പിരിച്ചെടുത്ത സംഖ്യ വിനിയോഗിക്കുന്നതിന് നടപടി

8 [3870] *ശ്രീ. കെ. പി. രാജേന്ദ്രൻ*:
,, *പി. എസ്. സുപാൽ*:
,, *ബിനോയ് വിശ്വം*:
,, *എൻ. രാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസത്തിനായി പിരിച്ചെടുത്ത സംഖ്യ വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്പോൾ പ്രസ്തുത അക്കൗണ്ടിൽ എത്ര സംഖ്യ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പലിശ ലഭിക്കാതെ പ്രസ്തുത ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗുജറാത്ത് ഗവൺമെന്റുമായി ചർച്ച ചെയ്ത് ഈ ഫണ്ട് പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഈ ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുള്ളതായി ആക്ഷേപം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേക്ക് 12,54,14,724 രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ 3,39,24,806 രൂപ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഗുജറാത്ത് ഭൂകമ്പ നിധിയിൽ 9,14,89,918 രൂപ നീക്കിയിരിപ്പുണ്ട്. ഗുജറാത്ത് ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്നുകോടി രൂപ ആദ്യഗഡുവായി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് ഗുജറാത്ത് ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുക വിനിയോഗിക്കുന്നതായിരിക്കും.

(ബി) ഭൂകമ്പ ദുരിതബാധിതർക്ക് അടിയന്തിര ആശ്വാസം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ട്രഷറി പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിച്ചത്.

(സി) ഭൂജിലെ ഗവൺമെന്റ് പോളിടെക്നിക്ക് 10 കോടി രൂപ ചെലവിൽ പുനർ നിർമ്മിക്കുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഇതിന്റെ ഒന്നാംഘട്ട പണിപൂർത്തിയായി വരുന്നു.

(ഡി) ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പിൻവലിച്ച തുക

9 [3871] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 1-2-2002-ൽ ചെക്ക് നമ്പർ 44876 പ്രകാരം എത്ര സംഖ്യ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സംഖ്യ ഏതൊക്കെ ആവശ്യത്തിനാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly